**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 60** **07-06-2021 - ൽ മറുപടിയ്ക്ക്**

**ഗുരുവായൂർ പോലീസ് സ്റ്റേഷൻ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ഗുരുവായൂർ പോലീസ് സ്റ്റേഷൻ കണ്ടാണശ്ശേരിയിൽ പരിമിതമായ സൗകര്യങ്ങൾ മാത്രമുള്ള ഒരു വാടകകെട്ടിടത്തിലാണ് വർഷങ്ങളായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഗുരുവായൂർ പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്ത്, ആളൂർ വില്ലേജിൽ സർവ്വേ നം. 240/1 ൽ ഉൾപ്പെട്ട റവന്യൂ പുറമ്പോക്ക് ഭൂമി കണ്ടെത്തുകയും പ്രസ്തുത ഭൂമിയിൽ നിന്ന് 25 സെന്റ് പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി അനുവദിച്ചു നൽകുന്നതിന് തൃശ്ശൂർ ജില്ലാ കളക്ടർക്ക് അപേക്ഷ നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥലം, മറ്റം സെന്റ് തോമസ് ഫെറോന പള്ളിയുടെ കീഴിൽ പ്രവർത്തിക്കുന്ന സ്കൂളിന്റെ കളി സ്ഥലമാണെന്ന് കാണിച്ച് പള്ളി അധികാരികൾ ബഹു. ഹൈക്കോടതിയിൽ WP(C) 42459/2018 , WP(C) 77/2019 എന്നീ നമ്പറുകളിൽ കേസ് ഫയൽ ചെയ്തിട്ടുമുണ്ട്. |
| (ബി) | പ്രസ്തുത സ്റ്റേഷൻ നിർമ്മാണത്തിനായി മറ്റം പ്രദേശത്ത് ഗ്രൗണ്ടിന് സമീപത്തായി പുറമ്പോക്ക് ഭൂമി കണ്ടെത്തിയിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഗുരുവായൂർ പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്ത്, ആളൂർ വില്ലേജിൽ സർവ്വേ നം. 240/1 ൽ ഉൾപ്പെട്ട റവന്യൂ പുറമ്പോക്ക് ഭൂമി കണ്ടെത്തുകയും പ്രസ്തുത ഭൂമിയിൽ നിന്ന് 25 സെന്റ് പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി അനുവദിച്ചു നൽകുന്നതിന് തൃശ്ശൂർ ജില്ലാ കളക്ടർക്ക് അപേക്ഷ നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥലം, മറ്റം സെന്റ് തോമസ് ഫെറോന പള്ളിയുടെ കീഴിൽ പ്രവർത്തിക്കുന്ന സ്കൂളിന്റെ കളി സ്ഥലമാണെന്ന് കാണിച്ച് പള്ളി അധികാരികൾ ബഹു. ഹൈക്കോടതിയിൽ WP(C) 42459/2018 , WP(C) 77/2019 എന്നീ നമ്പറുകളിൽ കേസ് ഫയൽ ചെയ്തിട്ടുമുണ്ട്. |
| (സി) | പ്രസ്തുത ഭൂമിയുമായി ബന്ധപ്പെട്ട് നിലവിലുള്ള കേസിന്റെ അവസ്ഥ എന്താണെന്നറിയിക്കുമോ; | (സി) | WP(C) No. 42459/2018 , WP(C) No. 77/2019 എന്നീ റിട്ടുകളിൽ ബഹു. കേരള ഹൈക്കോടതിയിൽ വാദം നടക്കുകയും, ഇതിലെ എതിർകക്ഷികളായ സെന്റ് തോമസ് ഫെറോന പള്ളിയും, റീഡേഴ്സ് |

| | | | |
|---|---|---|---|
| | | | ഫോറം, മറ്റം എന്നിവർ തമ്മിൽ ആളൂർ വില്ലേജിലെ സർവ്വേ നം. 240/1 ൽ ഉൾപ്പെട്ട പ്രസ്തുത ഭൂമിയെ സംബന്ധിച്ച് തൃശ്ശൂർ അഡീഷണൽ സബ് കോടതി-1ൽ OS 1300/2010 പ്രകാരം സിവിൽ കേസ് നിലവിൽ ഉള്ളതിനാൽ ആയത് തീർപ്പാക്കിയതിന് ശേഷം പ്രസ്തുത റിട്ടുകൾ പരിഗണിക്കുകയുള്ളൂവെന്ന് ബഹു. ഹൈക്കോടതി അറിയിച്ചിട്ടുണ്ട്. |
| (ഡി) | സ്റ്റേഷൻ നിർമ്മാണം അടിയന്തരമായി ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ? | (ഡി) | പ്രസ്തുത ഭൂമിയുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയുടെ പരിഗണനയിൽ ഇരിക്കുന്ന കേസുകളിൽ തീരുമാനമായി ഭൂമി കൈമാറി ലഭിക്കുന്ന മുറക്ക് സ്റ്റേഷൻ കെട്ടിടനിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ